©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം **14**
Vol. XIV

തിരുവനന്തപുരം, ശനി
Thiruvananthapuram, Saturday

2025 സെപ്റ്റംബർ 20
20th September 2025
1201 കന്നി 4
4th Kanni 1201
1947 ഭാദ്രം 29
29th Bhadra 1947

നമ്പർ No. **3366**

ഫാറം നമ്പർ 4
[ചട്ടം 11(3) കാണുക]

വിജ്ഞാപനം

DCEKM/960/2025-C1 തീയതി : 19/09/2025

കേരള സർക്കാരിന്റെ 06/01/2025 തീയതിയിലെ സ ഉ (Rt) നമ്പർ 35/2025 RD ഉത്തരവ് പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട്, 30) പ്രകാരം സ്ഥലം ഏറ്റെടുക്കലിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരിക്കുന്നതിനാലും, എറണാകുളം ജില്ലാ കളക്ടറുടെ 25/01/2025 തീയതിയിലെ DCEKM/960/2025-C1 നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ തഹസിൽദാർ(എൽ എ) എൻ എച്ച് നമ്പർ 3 ,വൈറ്റിലയെ പൊന്നുംവില ഓഫീസറായി നിയമിച്ചിരിക്കുന്നതിനാലും ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പൊതു ആവശ്യത്തിന് അതായത് കണയന്നൂർ താലൂക്കിലെ കടമക്കുടി വില്ലേജിലെ വലിയ കടമക്കുടി–ചാത്തനാട് പാലത്തിനുവേണ്ടി കടമക്കുടി ഭാഗത്തെ അപ്രോച്ച് റോഡിനായി അധികമായി ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ ജില്ലാ കളക്ടർക്ക് ബോധ്യമാകുന്നതിനാലും,

2013 ലെ ഭൂമി ഏറ്റെടുക്കലിൽ–ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) വകുപ്പ് 4 ലെ ഒന്നാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ജില്ലാകളക്ടർ താഴെ പട്ടികയിൽ പറയുന്ന സ്ഥലത്ത് ഒരു സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാലും, ഇപ്പോൾ തന്മൂലം ജില്ലാ തല സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റായ രാജഗിരി എഡ്യൂക്കേഷണൽ ആൾട്ടർനേറ്റീവ് ആൻഡ് കമ്മ്യൂണിറ്റി ഹെൽത്ത്(ഔട്ട് റീച്ച്) സർവീസ് സൊസൈറ്റി, രാജഗിരി പി ഓ , കളമശ്ശേരി –യെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനും, സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ പ്രക്രിയ രണ്ട് മാസത്തിനകം പൂർത്തീകരിക്കേണ്ടതാണ്. യാതൊരു കാരണവശാലും ആറ് മാസത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല.

പട്ടിക

ജില്ല : എറണാകുളം താലൂക്ക് : കണയന്നൂർ

വില്ലേജ് : കടമക്കുടി ബ്ലോക്ക് : 1

(ഏകദേശ വിസ്തീർണ്ണമാണ് ചേർത്തിരിക്കുന്നത്)

ക്രമ നമ്പർ	**റീ സർവ്വേ നമ്പർ**	**വിവരണം**	**വിസ്തീർണം (ഹെക്ടറിൽ)**
1	4/5	പുരയിടം	0.0152
ആകെ		**0.0152 (Hec.)**	

(ഒപ്പ്)

ജില്ലാ കളക്ടർ, എറണാകുളം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.20 03:08:17 +05:30